# പരസ്പരം സ്നേഹിക്കുക

## 1 പത്രോസ് 4:8

"സകലത്തിനും മുമ്പെ തമ്മിൽ ഉറ്റസ്നേഹം ഉള്ളവരായിരിപ്പിൻ. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു."

പാപങ്ങളുടെ ബഹുത്വത്തെ മറെക്കുവാൻ തക്കവണ്ണമുള്ള ഒരു സ്നേഹം നാം കണ്ടത് കാൽവറിയിലെ ക്രിസ്തുവിന്റെ ക്രൂശീകരണത്തിലാണ്. അവിടെ ചൊരിഞ്ഞതായ ഓരോ തുള്ളി രക്തവും നമ്മുടെ പാപങ്ങൾക്കു മറുവില ആയിട്ടായിരുന്നു. തന്റെ ഏകജാതനായ പുത്രനെ ദൈവം ലോകത്തിലേക്ക് അയച്ചത് നമ്മെ പാപങ്ങളിൽ നിന്നു വീണ്ടെടുക്കുവാനായിരുന്നു. "നം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നേ സാക്ഷാൽ സ്നേഹം ആകുന്നു" (1യോഹന്നാൻ 4:10). യഥാർത്ഥ സ്നേഹത്തെക്കുറിച്ചും നാം പര്സപരം സ്നേഹിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പൗലോസ് അപ്പോസ്തോലൻ കൊരിന്ത്യസഭയ്ക്കെഴുതിയ ലേഖനത്തിൽ കൂടി നമ്മെ ഉത്ബോധിപ്പിക്കുന്നു.

കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്നുള്ള ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്നതായി നമുക്കു കാണാൻ കഴിയും. സ്നേഹം ഉള്ളയിടത്ത് പലപ്പോഴും നാം ക്ഷമിക്കുവാനും സഹിക്കുവാനും ഒക്കെ തയ്യാറാകും. "പക വഴക്കുകൾക്കു കാരണം ആകുന്നു; സ്നേഹം സകല ലംഘനങ്ങളെയും മൂടുന്നു" (സദൃശ്യവാക്യങ്ങൾ 10:12). നമ്മുടെ കർത്താവ് തന്നെ ഉപദ്രവിച്ചവരോട് ക്ഷമിക്കുകയും അവരുടെ തെറ്റുകളെ പൊറുക്കണമെന്ന് പിതാവിനോട് അപേക്ഷിക്കുകയുമാണ് ചെയ്തത്. "കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വീൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ" (കൊലൊസ്യർ 3:14). സ്നേഹം എന്നത് പാപങ്ങളെ വെളിവാക്കാൻ കഴിയുന്ന വെളിച്ചമാണ്. പാപിയെ നാം സ്നേഹിക്കുന്നതിലൂടെ അവനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുവാനും, ദൈവത്തിന്റെ കരുണയും കൃപയും നേടിക്കൊടുക്കുവാനും കഴിയും. ഇത് മനസ്സിലാക്കിയതുകൊണ്ടാണ് യാക്കോബ് ശ്ലീഹാ തന്റെ സഹോദരന്മാരോട് ഇങ്ങനെ പറയുന്നത്. "സഹോദരന്മാരെ, നിങ്ങളിൽ ഒരുവൻ സത്യം വിട്ടു തെറ്റിപ്പോകയും, അവനെ ഒരുവൻ തിരിച്ചു വരുത്തുകയും ചെയ്താൽ, പാപിയെ നേർവഴിക്കു ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു രക്ഷിക്കുകയും പാപങ്ങളുടെ ബഹുത്വത്തെ മറെക്കയും ചെയ്യും എന്ന് അവൻ അറിഞ്ഞു കൊള്ളട്ടെ" (യാക്കോബ് 5:20).

പരസ്പരം സ്നേഹിപ്പാനും, മറ്റുള്ളവരുടെ തെറ്റുകളെയും കുറവുകളെയും ക്ഷമിക്കുവാനും ദൈവസന്നിധിയിൽ താഴ്മയോടെ ജീവിക്കുവാനും ഉള്ള കൃപ ദൈവം നമുക്ക് ഓരോരുത്തർക്കും തരുമാറാകട്ടെ.

പരാമർശം :

യോഹന്നാൻ 3:16

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

## സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 005